LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം കടപ്പനക്കുന്ന് സെക്ഷനിലെ Cons. No. 4040, special Tahsildar, തൃശ്ശൂർ ജില്ലയിലെ ദേശമംഗലം വില്ലേജ് ഓഫീസ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉണഭോക്താക്കൾ പണമടയ്ക്കുന്ന കൂടിവെള്ള പദ്ധതികൾ, കണ്ണൂർ ജില്ലയിലെ പെരുംതട്ട വില്ലേജ് ഓഫീസ്, ഗവൺമെന്റ് പ്രസ്സ്, പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ്, ചെറുകുന്ന് സെക്ഷന്റെ കീഴിലുള്ള പോലീസ് സ്റ്റേഷൻ, പള്ളിക്കുന്ന് സെക്ഷന്റെ കീഴിലുള്ള ജയിൽ വകുപ്പിന്റെ ക്വാർട്ടേഴ്സ്, ഇറിഗേഷൻ ഓഫീസ്, പാലക്കാട് ജില്ലയിൽ അഗ്രികൾച്ചർ, ഇറിഗേഷൻ, മുനിസിപ്പാലിറ്റി, താലൂക്ക്, സർവ്വേ വകുപ്പിന്റെ ഓഫീസ്, ബധിരമൂക വിദ്യാലയം, കോഴിക്കോട് ജില്ലയിൽ ഫറോക് സെക്ഷന്റെ കീഴിലുള്ള പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസ്, പി.ഡബ്ല്യു.ഡി. സെക്ഷൻ ഓഫീസ് എന്നിവയുടെ വൈദ്യുതി ബന്ധം വിച്ഛേദിച്ചിട്ടുണ്ട്.

(ബി-ഡി) ഉണ്ട്. ജൂൺ മാസത്തിലെ വൈദ്യുതി ബിൽ തുകയായ 2,99,92,413 രൂപ അടയ്ക്കാഞ്ഞതിനാൽ (Reliance Infrastructure)-ന്റെ കണക്ഷനുകൾ വിച്ഛേദിച്ചെങ്കിലും തങ്ങളുടെ accounting software-ന്റെ തകരാറു കാരണമാണ് പ്രസ്തുത ബിൽ അടയ്ക്കാൻ സാധിക്കാഞ്ഞതെന്നും ബിൽ അടയ്ക്കുന്നതിന് സാവകാശം വേണമെന്നും കമ്പനി ബോർഡിന് അപേക്ഷ നൽകുകയുണ്ടായി. ഇതോടൊപ്പം 55 ലക്ഷം രൂപ ബോർഡിൽ അടയ്ക്കുകയും ചെയ്തു. പ്രസ്തുത കമ്പനി ഇതുവരെ വൈദ്യുതി ബിൽ കുടിശ്ശിക വരുത്തിയിട്ടില്ല എന്നുള്ളതും mobile communication essential service-ൽ പെടുന്നു എന്നുള്ളതും പരിഗണിച്ച് കൊണ്ടാണ് ബിൽ അടയ്ക്കാനുള്ള സമയ പരിധി ജൂലൈ 15 വരെ ദീർഘിപ്പിക്കുവാനും വിച്ഛേദിച്ച കണക്ഷനുകൾ പുനഃസ്ഥാപിക്കാനുമുള്ള നിർദ്ദേശം നൽകിയത്. കൂടാതെ പലിശ സഹിതമാണ് പ്രസ്തുത ബിൽ തുക കമ്പനി അടയ്ക്കേണ്ടത്. ബോർഡിലെ ബന്ധപ്പെട്ട Full Time Director-മാരുടെ കൂട്ടായ തീരുമാന പ്രകാരം വിതരണ വിഭാഗം ഡയറക്ടറുടെ ഓഫീസിൽ നിന്നുമാണ് നിർദ്ദേശം നൽകിയത്. നിലവിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കേണ്ട സാഹചര്യം ഇല്ല.

മൊബൈൽ ടവറുകളുടെ ഇലക്ട്രിസിറ്റി ബിൽ കുടിശ്ശിക

51 (7887) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം കമ്പനികളുടെ മൊബൈൽ ടവറുകളുടെ ഇലക്ട്രിസിറ്റി ബില്ലുകളാണ് കുടിശ്ശിക ആയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇലക്ട്രിസിറ്റി ബിൽ കുടിശ്ശിക നിശ്ചിത തീയതിക്കകം അടച്ചില്ലെങ്കിൽ എന്തെല്ലാം നടപടികളാണ് സാധാരണ ഇലക്ട്രിസിറ്റി ബോർഡ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കുമോ ;

(സി) കുടിശ്ശിക അടയ്ക്കാത്ത കാരണത്താൽ മൊബൈൽ ടവറുകളുടെ കണക്ഷൻ വിച്ഛേദിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിന്റെ വിശദാംശം അറിയിക്കുമോ ;

(ഇ) വൈദ്യുത കണക്ഷൻ വിച്ഛേദിച്ച ടവറുകൾക്ക് കുടിശ്ശിക അടയ്ക്കുന്നതിനു മുമ്പ് വീണ്ടും കണക്ഷൻ കൊടുത്തിട്ടുണ്ടോ ; ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) കണക്ഷൻ പുനഃസ്ഥാപിക്കുന്നതിനുള്ള ഉത്തരവ് ആരാണ് നൽകിയിട്ടുള്ളത് ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) റിലയൻസ് ഇൻഫ്രാറ്റെൽ ലിമിറ്റഡിന്റെ വൈദ്യുതി ബിൽ കുടിശ്ശികയായിട്ടുണ്ട്.

(ബി) Disconnection, Dismantling, Revenue Recovery തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി-എഫ്) ഉണ്ട്. ജൂൺ മാസത്തിലെ വൈദ്യുതി ബിൽ അടയ്ക്കാത്തതിനാൽ Reliance Infrastructure-ന്റെ കണക്ഷനുകൾ വിച്ഛേദിച്ചിട്ടുണ്ട്. എന്നാൽ തങ്ങളുടെ accounting software-ന്റെ തകരാറു കാരണമാണ് പ്രസ്തുത ബിൽ അടയ്ക്കാൻ സാധിക്കാഞ്ഞതെന്നും ബിൽ അടയ്ക്കുന്നതിന് സാവകാശം നൽകണമെന്നും കമ്പനി ബോർഡിന് അപേക്ഷ നൽകുകയുണ്ടായി. ഇതോടൊപ്പം 55 ലക്ഷം രൂപ ബോർഡിൽ അടയ്ക്കുകയും ചെയ്തു. പ്രസ്തുത കമ്പനി ഇതുവരെ വൈദ്യുതി ബിൽ കുടിശ്ശിക വരുത്തിയിട്ടില്ല എന്നുള്ളതും mobile communication essential service-ൽ പെടുന്നു എന്നുള്ളതും പരിഗണിച്ചുകൊണ്ട് ബിൽ അടയ്ക്കാനുള്ള സമയ പരിധി ജൂലൈ 15 വരെ ദീർഘിപ്പിക്കുവാനും വിച്ഛേദിച്ച കണക്ഷനുകൾ പുനഃസ്ഥാപിക്കാനുമുള്ള നിർദ്ദേശം നൽകുകയുണ്ടായി. കൂടാതെ പലിശ സഹിതമാണ് പ്രസ്തുത ബിൽ തുക കമ്പനി അടയ്ക്കേണ്ടത്. ബോർഡിലെ ബന്ധപ്പെട്ട Full Time Director-മാരുടെ കൂട്ടായ തീരുമാനപ്രകാരം വിതരണ വിഭാഗം ഡയറക്ടറുടെ ഓഫീസിൽ നിന്നുമാണ് നിർദ്ദേശം നൽകിയത്. ഇതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly